**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1355** **14-03-2022 - ൽ മറുപടിയ്ക്ക്**

**മെഡിക്കൽ റീ- ഇമ്പേഴ്സ്‌മെന്റ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എ കെ എം അഷ്‌റഫ് | | null<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | മെഡിക്കൽ റീ- ഇംപേഴ്സ്‌മെന്റിനു അപേക്ഷ നൽകിയ ശ്രീമതി ബവിത ബി. നായർ (എച്ച്.എസ്.ടി., കെ.വി.എസ്.എം.എച്ച്.എസ്., കുരുടപ്പദവ്, ഫയൽ നമ്പർ ആർ 4/88006/2020 ഡി. പി .ഐ, 10331/2021/എച്ച്3 ഡി.ഡി.ഇ. കാസർകോട്) -ടെ അപേക്ഷയുടെ നിലവിലെ സ്ഥിതി എന്താണെന്ന് വ്യക്ത ക്കുമോ; നിലവിൽ പ്രസ്തുത ഫയൽ ഏത് ഓഫീസിലാണ് എന്നും ഫയൽ നമ്പർ ഉൾപ്പെടെയുള്ള വിവരങ്ങളും ലഭ്യമാക്കുമോ; മെഡിക്കൽ റീ ഇമ്പേഴ്സ്‌മെന്റ് എപ്പോൾ അനുവദിച്ച് നൽകുമെന്ന് വിശദമാക്കുമോ; | (എ) | കാസർഗോഡ് ജില്ലയിലെ കെ.വി.എസ്. എം.എച്ച്.എസ്, കുരുടപ്പദവ്-ലെ ഹൈസ്കൂൾ അദ്ധ്യാപിക ശ്രീമതി. ബവിത.ബി.നായർ, ടിയാളുടെ മകളുടെ ചികിത്സാർത്ഥം ചെലവായ 4,82,930/- രൂപയുടെ മെഡിക്കൽ റീ-ഇമ്പേഴ്സ് മെന്റിനായി സമർപ്പിച്ച അപേക്ഷയിലെ അപാകതകൾ പരിഹരിച്ച് ലഭ്യമായതിന്മേൽ അനുവദനീയ തുക കണക്കാക്കുന്നതിലേയ്ക്കായി ആരോഗ്യ വകുപ്പ് ഡയറക്ടർക്ക് നൽകിയിട്ടുണ്ട്. ടി വിഷയവുമായി ബന്ധപ്പെട്ട് ഫയൽ നം. ആർ.4/88006/2020/ ഡി.ജി.ഇ ആണ്. ആരോഗ്യ വകുപ്പ് ഡയറക്ടർ അനുവദനീയമായ തുക കണക്കാക്കി ലഭ്യമാക്കിയാൽ മാത്രമേ ആയതിന്റെ 80% റീ-ഇമ്പേഴ്സ്‌മെന്റ് ചെയ്യുന്നതിനായി അനുമതി നൽകാനാകൂ. |
| (ബി) | മഞ്ചേശ്വരം നിയോജക മണ്ഡലത്തിലെ ജി.എച്ച്.എസ്. കടമ്പാർ സ്കൂളിലെ പി.ഡി. ടീച്ചർ ശ്രീമതി തനുജ- യ്ക്ക് വി.ആർ.എസ്. അനുവദിച്ചിട്ടുണ്ടോ; വിശദ വിവരങ്ങൾ ലഭ്യമാക്കുമോ; | (ബി) | ഉണ്ട്. കാസർഗോഡ് വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടറുടെ 13/11/2020 തീയതിയിലെ എ4/5060/2020/ കെ.ഡിസ് നമ്പർ ഉത്തരവ് പ്രകാരം ശ്രീമതി. തനൂജ.വി.കെയ്ക്ക് 31/08/2020 അപരാഹ്നത്തിൽ സ്വയം വിരമിക്കലിന് അനുമതി നൽകിയിട്ടുണ്ട്. |
| (സി) | പ്രസ്തുത അദ്ധ്യാപിക വി.ആർ.എസ്. റദ്ദ് ചെയ്യാൻ അപേക്ഷ നൽകിയിട്ടുണ്ടോ; ഇതിൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ; ഇത് സംബന്ധിച്ച് ഫയൽ നമ്പർ ഉൾപ്പെടെയുള്ള വിവരങ്ങൾ ലഭ്യമാക്കുമോ; | (സി) | ഉണ്ട്. പ്രസ്തുത അദ്ധ്യാപികയുടെ സ്വയംവിരമിക്കൽ ഉത്തരവ് റദ്ദ് ചെയ്യാനായി 12/03/2021-ൽ അപേക്ഷ സമർപ്പിക്കുകയും എന്നാൽ സ്വയം വിരമിക്കലിന് 31/08/2020 പ്രാബല്യത്തിൽ അനുമതി നൽകി കഴിഞ്ഞതിനാൽ നിലവിലെ ചട്ടപ്രകാരം പ്രസ്തുത തീയതിക്ക് ശേഷം ലഭിച്ച അപേക്ഷ പരിഗണിക്കാൻ കഴിയില്ല എന്ന് കാണിച്ച് 22/04/2021-ലെ എ4/3862/2021/താ.തീ പ്രകാരം വിദ്യാഭ്യാസ ഉപഡയറക്ടർ അദ്ധ്യാപികയ്ക്ക് മറുപടി നൽകുകയുമുണ്ടായി. ഇതിനെതിരെ ശ്രീമതി. തനൂജ പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് സമർപ്പിച്ച അപ്പീൽ കാസർഗോഡ് ഡെപ്യൂട്ടി ഡയറക്ടറുടെ |

| | | | |
|---|---|---|---|
| | | | റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പരിശോധിച്ചു വരുന്നു. |
| (ഡി) | ആരോഗ്യ പ്രശ്നം കാരണം വി.ആർ.എസ്.-ന് അപേക്ഷ നൽകുകയും പിന്നീട് രോഗം ഭേദമായതിനാൽ സർവ്വീസിൽ തുടരുന്നതിന് സന്നദ്ധയായിട്ടുള്ള പ്രസ്തുത അദ്ധ്യാപികയ്ക്ക് വി.ആർ.എസ്. റദ്ദ് ചെയ്ത് സർവ്വീസിൽ തുടരുന്നതിന് അനുമതി നൽകുന്നതിന് നടപടി സ്വീകരിക്കുമോ? | (ഡി) | ഉണ്ട്. പ്രസ്തുത അദ്ധ്യാപികയുടെ സ്വയംവിരമിക്കൽ ഉത്തരവ് റദ്ദ് ചെയ്യാനായി 12/03/2021-ൽ അപേക്ഷ സമർപ്പിക്കുകയും എന്നാൽ സ്വയം വിരമിക്കലിന് 31/08/2020 പ്രാബല്യത്തിൽ അനുമതി നൽകി കഴിഞ്ഞതിനാൽ നിലവിലെ ചട്ടപ്രകാരം പ്രസ്തുത തീയതിക്ക് ശേഷം ലഭിച്ച അപേക്ഷ പരിഗണിക്കാൻ കഴിയില്ല എന്ന് കാണിച്ച് 22/04/2021-ലെ എ4/3862/2021/താ.തീ പ്രകാരം വിദ്യാഭ്യാസ ഉപഡയറക്ടർ അദ്ധ്യാപികയ്ക്ക് മറുപടി നൽകുകയു മുണ്ടായി. ഇതിനെതിരെ ശ്രീമതി. തനൂജ പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് സമർപ്പിച്ച അപ്പീൽ കാസർഗോഡ് ഡെപ്യൂട്ടി ഡയറക്ടറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പരിശോധിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ